## അവതാരിക

കെ.ജി.പൗലോസ്

ജീവിതമെന്നത് മനുഷ്യനൊരു മഹാസമസ്യയാണ്, എക്കാലത്തും. അതിന്റെ കുരുക്കഴിക്കാൻ ശ്രമിച്ചവരൊക്കെ പരാജയപ്പെട്ടിട്ടേ ഉള്ളൂ. ജീവിതം എന്ത്, എന്തിന് എന്നൊക്കെ അവർ ചോദിച്ചു കൊണ്ടിരുന്നു. ധർമ്മത്തിന്റെ വഴിയിൽ അർത്ഥവും കാമവും നേടി മോക്ഷത്തിലെത്തുക എന്നൊരു സൂത്രവാക്യത്തിലാണ് അവസാനമവർ അഭയം പ്രാപിച്ചത്. ധർമ്മത്തിന്റെ വഴിയിൽ ഇരുളായിരുന്നു. അപ്പോഴും വിജയത്തെ സംബന്ധിച്ചുമുണ്ടായിരുന്നു പ്രഹേളികകൾ. വിഷം കഴിച്ച് മരിക്കേണ്ടിവന്ന സോക്രട്ടീസിന്റെ ജീവിതം പരാജയമായിരുന്നോ? കുരുശിലേറ്റപ്പെട്ടവനോ? ജീവിത വിജയം എന്നത് പറയാൻ എളുപ്പമാണെങ്കിലും വിശകലനം ചെയ്യാൻ ബുദ്ധിമുട്ടാണ്.

നൂറ്റാണ്ടുകളോളം ശിലീഭൂതമായിക്കിടന്ന ഒരു സമൂഹമാണ് നമ്മുടേത്. അനേകം അടരുകളായി സമൂഹഘടനയെ തിരിച്ചിരുന്നു. അവനവന്റെ കള്ളിയിൽ നിന്ന് പുറത്തു കടക്കാൻ ആർക്കും കഴിയുമായിരുന്നില്ല. പെരുവിരൽ നഷ്ടപ്പെടാതെ കഴിയാൻ ഒരു ഏകലവ്യനെ ആ ഘടന അനുവദിച്ചിരുന്നില്ല. എന്നാൽ ഇന്ന് കാര്യങ്ങൾ മാറിയിരുന്നു. അവസരങ്ങൾ അനവധി മുൻപിൽ തുറന്നു കിടക്കുന്നു. വിരലുകൾ നഷ്ടപ്പെടാതെതന്നെ ആർക്കും അതിന് വേണ്ടി ശ്രമിക്കാം. ജീവിതം ഓട്ടപ്പന്തയമായി മാറി. ആദ്യം മുന്നിലെത്തുന്നവന് കിരീടം. 'You have to run to remain where you are' എന്താണ വസ്ഥ. ഓട്ടം തുടർന്നു കൊണ്ടിരിക്കുന്നില്ലെങ്കിൽ പിന്നിലുള്ളവൻ മുന്നിലാവും. നമ്മുടെ സ്ഥാനം പിന്നിലേക്ക് മാറും. വേഗതയാണ് നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. കഴിഞ്ഞ ആയിരം വർഷംകൊണ്ട് സമൂഹത്തിനുണ്ടായ മാറ്റത്തിലധികം കഴിഞ്ഞ പത്ത് വർഷം കൊണ്ടുണ്ടായിട്ടുണ്ട്. ഗ്രന്ഥകാരൻ ശരിയായി നിരീക്ഷിക്കുന്നതുപോലെ ‘അച്ചടിയന്ത്രം ജർമ്മനിയിൽ നിന്ന് കേരളത്തിലെത്താൻ നീണ്ട 385 വർഷങ്ങളെടുത്തു. ഇപ്പോൾ അതല്ല സ്ഥിതി. ആശയങ്ങളും വാർത്തകളും കണ്ണടച്ചു തുറക്കും മുമ്പ് ലോകത്തിന്റെ ഏതു കോണിലുമെത്തുന്നു.’ ഈ വേഗത (Speed) യാണ് നമ്മുടെ മുൻപിലുള്ള പ്രശ്നം. പന്തയക്കുതിരകൾക്കേ ഈ കാലത്തെ അതിജീവിക്കാനാവൂ. വിദ്യാർത്ഥികൾ മാത്രമല്ല രക്ഷകർത്താക്കളും ഈ ഓട്ടപ്പന്തയത്തിൽ പങ്കാളികളാകുന്നു.

തനിക്ക് സ്വന്തമായൊരിടം പിടിച്ചെടുക്കുക എന്നതാണ് ഓട്ടത്തിന്റെ ലക്ഷ്യം. ഉപരിപഠനത്തിനും തൊഴിലവസങ്ങൾക്കും വേണ്ടി നടത്തുന്ന വിവിധ തരത്തിലുള്ള മത്സരപരീക്ഷകളാണ് ഈ ഓട്ടത്തിനുള്ള വഴികൾ. അക്കാദമിക് മികവുകൊണ്ട് മാത്രം ആർക്കും ലക്ഷ്യത്തിൽ എത്താൻ കഴിയില്ല. അതിന് വേണ്ടത് ചില പ്രത്യേക കഴിവുകളാണ്. അവ ഏതൊക്കെയാണെന്നും നേടാനുള്ള വഴിയേതാണെന്നും വ്യക്തമായി വിവരിക്കുന്നതാണ് ഈ ഗ്രന്ഥം. സൈദ്ധാന്തികമായ അറിവുകളും ഈ രംഗത്തെ ദീർഘകാലത്തെ പരിചയസമ്പത്തും തന്റെ തന്നെ അനുഭവങ്ങളും സമഞ്ജസമായി മേളിപ്പിച്ചാണ് കൃതഹസ്തനായ ഡോ. പി.വി. ജോസഫ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്.

ജീവിതത്തിൽ വിജയിക്കാനാവശ്യമായ കഴിവ് എല്ലാവരിലും ഒളിഞ്ഞിരിക്കുന്നു. അത് വെളിവാക്കാനുള്ള കഴിവ് നേടുകയാണ് വേണ്ടത്. കഠിനാദ്ധ്വാനം, ലക്ഷ്യബോധം, സ്ഥിരോത്സാഹം, ശുഭകാമന എന്നിവകൊണ്ട് ഈ കഴിവുകളെ വികസിപ്പിക്കണം. അതിനുള്ള പരിശീലനമാണ് ഈ കുറിപ്പുകൾ നൽകുന്നത്. ലക്ഷ്യബോധമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. പുലിയിൽ നിന്നും രക്ഷപ്പെടുന്ന മുയലിന്റെ കഥ തരുന്ന പാഠമതാണ്. പുലി ഓടിയത് ഒരു നേരത്തെ തന്റെ ജീവന് വേണ്ടിയാണ്. അത്ര തീവ്രമായിരുന്നു മുയലിന്റെ അതിജീവനവ്യഗ്രത. മുയലിന്റെ തീവ്രമായ ജീവിതേച്ഛയാണ് ഒരു മത്സരാർത്ഥിക്ക് ഉണ്ടാകേണ്ടത്.

നമ്മുടെ വിദ്യാർത്ഥികൾ പലപ്പോഴും എഴുത്തിൽ വിജയിച്ചാലും അഭിമുഖത്തിൽ പരാജയപ്പെടുന്നതായി കാണാറുണ്ട്; കേരളത്തിനു പുറത്തു നടക്കുന്ന പരീക്ഷകളിൽ പ്രത്യേകിച്ചും. ആത്മവിശ്വാസമില്ലാത്തതാണിവിടെ പരാജയഹേതു. സ്കൂൾ പഠനകാലത്ത് അദ്ധ്യാപകരും രക്ഷകർത്താ

ക്കളും ഊന്നുന്നത് പരീക്ഷകളിൽ മാത്രമാണ്. പാഠ്യേതരവിഷയങ്ങളോട് അവജ്ഞ തന്നെയുണ്ട് പലർക്കും. മാർക്കും ഗ്രേഡും കൊണ്ട് മാത്രം ജിവിതത്തിൽ കുട്ടികൾക്ക് വിജയിക്കാനാകില്ലെന്ന് അദ്ധ്യാപകർ തിരിച്ചറിയാത്തത് വിദ്യാർത്ഥികളുടെ ഭാവിയെ എത്ര ദോഷകരമായി ബാധിക്കുന്നുണ്ടെന്ന് അവർ മനസ്സിലാക്കുന്നില്ല. പാഠ്യേതരവിഷയങ്ങളിലുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് അവസരങ്ങൾ ലഭിക്കുന്നത് വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വളരെയേറെ വർദ്ധിപ്പിക്കും. ഏത് കോളേജിലാണ് പഠിച്ചത്? എന്ന നിർദ്ദോഷമായ ചോദ്യത്തിനുമുമ്പിൽപോലും വാക്കുകിട്ടാതെ വിഷമിക്കുന്ന മിടുക്കന്മാരെയും മിടുക്കികളെയും കണ്ട് പലവട്ടം വിഷമിച്ചിട്ടുണ്ട്, ഇന്റർവ്യൂ ബോർഡിലിരിക്കുമ്പോൾ. സഭാകമ്പം മാറ്റി ആത്മവിശ്വാസം വളർത്താൻ ഗുരുക്കന്മാരും രക്ഷിതാക്കളും കുട്ടികൾക്കവസരം നൽകാത്തതാണിവരുടെ പരാജയത്തിന് കാരണം. നമ്മുടെ കുട്ടികളിൽ ഉണ്ടാകുന്ന പരീക്ഷാപ്പേടിയും ചിലരിലെങ്കിലുമുള്ള ആത്മഹത്യാപ്രവണതയുമൊക്കെ വിദ്യാഭ്യാസത്തിന്റെ പരാജയമാണ് കാണിക്കുന്നത്. അക്കാദമിക് മികവുകൾ മാത്രമല്ല ജീവിതവിജയത്തിന്റെ അടിസ്ഥാനം എന്ന് നമ്മുടെ വിദ്യാലയങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. 'കമ്യൂണിക്കേഷൻ സ്കിൽ' വികസിപ്പിക്കുന്നതിനുള്ള പരിശീലനവും നാട്ടിൻപുറത്തെ വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിൽ നിന്ന് തന്നെ ലഭിക്കണം.

ജീവിതവിജയത്തിന് വിദ്യാർത്ഥികളിൽ നാം വളർത്തയെടുക്കേണ്ട ഗുണം ശുഭാപ്തി വിശ്വാസമാണ്. ഏത് തോൽവിയെയും ധീരമായി നേരിടാൻ ഇതവരെ സഹായിക്കും. ദാവീദിന് വെറുമൊരു കവണക്കല്ല്കൊണ്ട് ഗോലിയാത്തിനെ വീഴ്ത്താൻ കഴിഞ്ഞത് ആത്മവിശ്വാസംകൊണ്ടും അദമ്യമായ ശുഭാപ്തിചിന്തകൊണ്ടുമാണ്.

വലിയ സ്വപ്നങ്ങളാണ് ശുഭചിന്തകൾ ഉണ്ടാകാൻ സഹായിക്കുന്നത്. ബാല്യത്തിലും കൗമാരത്തിലുമൊക്കെ വർണ്ണശബളിമയാർന്ന സ്വപ്നകാമനകൾ മനസ്സിൽ വിരിയണം. സ്വപ്നം കാണുമ്പോൾ വലിയ സ്വപ്നങ്ങൾ തന്നെ കാണണം. നക്ഷത്രങ്ങളിൽ കൂടുകൂട്ടാൻ ആഗ്രഹിച്ചാലേ മുറ്റത്തെ മരക്കൊമ്പിലെങ്കിലും കൂടുവെക്കാൻ കഴിയൂ. യുവതയുടെ മനസ്സിൽ വിരിയേണ്ടത് നാളെയെപ്പറ്റിയുള്ള സുന്ദരസുരഭിലസ്വപ്നങ്ങളാണ്. ബ്ലാക്ക് ആന്റ് വൈറ്റ് സ്വപ്നങ്ങൾപോലും പലരിലും വിരിയുന്നില്ല എന്നതാണ് ഇപ്പോഴത്തെ അവസ്ഥ.

ജിവിതത്തെ 'കരിയർ' മാത്രമാക്കിച്ചുരുക്കുന്നു മത്സരാധിഷ്ഠിതമായ സമൂഹം എന്ന് പരാതിപ്പെടുന്നവരുണ്ട്. അതിൽ കഴമ്പില്ല. 134- കോടി ജനങ്ങൾക്കിടയിൽ ചവിട്ടി നിൽക്കാൻ ഒരിടം ഉറപ്പിക്കുക എന്നതാണ് അതിജീവനത്തിന്റെ ആദ്യപാഠം.ബാക്കിയൊക്കെ പിന്നീടാണ്. ചുമരുണ്ടാകണം, എന്നാലേ ചിത്രമെഴുതാൻ പറ്റൂ.

മത്സരപരീക്ഷകളിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർക്ക് ഏറെ പ്രയോജനം നൽകുന്ന കൈപ്പുസ്തകമാണിത്. ഗ്രന്ഥകർത്താവിന്റെ വിപുലമായ വിജ്ഞാനവും ജിവിതാനുഭവങ്ങളും നല്ല വായനാസുഖം നൽകുന്നു. പഠിതാക്കളെ Motivate ചെയ്യുക മാത്രമല്ല സാധാരണ വായനക്കാരെയും ആകർഷിക്കുന്നതാണ് ഇതിന്റെ പ്രതിപാദനരീതി. ഡോ. ജോസഫിന് ഹൃദ്യമായ അഭിനന്ദനങ്ങൾ.